130/est-/18

**MOST URGENT**

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം: ഇ7/4734/2017/സിഇ/തസ്വഭവ തീയതി: 12.04.2018

**സർക്കുലർ**

സർ,

വിഷയം:- തസ്വഭവ - 2017-18 സാമ്പത്തിക വർഷത്തിലെ ജീവനക്കാരുടെ ശമ്പളം, മറ്റ് അലവൻസുകൾ നൽകിയതിന്റെയും, മരാമത്ത് പ്രവൃത്തികൾക്ക് അനുവദിച്ച തുകയുടെയും ചെലവ് കണക്കുകൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) 22.03.2018, 26.03.2018 എന്നീ തീയതികളിലെ ഇതേ നം. സർക്കുലർ

സൂചന സർക്കുലർ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിലെ ജീവനക്കാരുടെ ശമ്പളം, മറ്റ് അലവൻസുകൾ നൽകിയതിന്റെയും, മരാമത്ത് പ്രവൃത്തികൾക്ക് അനുവദിച്ച തുകയുടെയും ചെലവ് കണക്കുകൾ ഈ ഓഫീസിന് ലഭ്യമാക്കുന്നത് കർശന നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിന് വിവിധ ജില്ലകൾ/ ഓഫീസുകളിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും ലഭ്യമായ കണക്കുകൾ അപൂർണ്ണവും യഥാർത്ഥ കണക്കുമായി യാതൊരുവിധ പൊരുത്തവുമില്ലായെന്ന് മനസ്സിലാക്കുന്നു. യഥാർത്ഥ കണക്കുകൾ നൽകേണ്ട ഡി.ഡി.ഒ മാരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നു.

**മേൽ സാഹചര്യത്തിൽ 2017-18 സാമ്പത്തിക വർഷത്തിലെ ശരിയായ കണക്കുകൾ ലഭ്യമാക്കുന്നതിന് ഇതോടൊപ്പം ഒരു പ്രൊഫോർമ ഉള്ളടക്കം ചെയ്യുന്നു. ടി പ്രൊഫോർമയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ പ്രത്യേകം ശ്രദ്ധ ചെലുത്തി *13.04.2018 വെള്ളിയാഴ്ച വൈകുന്നേരം 3.00 മണിക്ക്* മുമ്പായി ഈ ഓഫീസിന് ലഭ്യമാക്കേണ്ടതാണ്. ശരിയായ കണക്കുകൾ ലഭ്യമാക്കാത്ത ഡി.ഡി.ഒ മാർക്ക് എതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് ഓർമ്മിപ്പിക്കുന്നു.**

ബ്ലോക്ക് പഞ്ചായത്തിലെ ചെലവ് വിവരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകേണ്ടതും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ആയത് ക്രോഡീകരിച്ച് ഈ ഓഫീസിൽ നൽകേണ്ടതുമാണ്. മുനിസിപ്പൽ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റിയിലെ ഡി.ഡി.ഒ മാർ ചെലവ് വിവരം ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർ മുഖാന്തിരം ക്രോഡീകരിച്ച് ഈ ഓഫീസിൽ നൽകേണ്ടതാണ്. പി.ഐ.യു, കെ.എസ്.ആർ.ആർ.ഡി.എ എന്നിവിടങ്ങളിലെ ശമ്പള വിവരം കെ.എസ്.ആർ.ആർ.ഡി.എ ചീഫ് എഞ്ചിനീയർ ക്രോഡീകരിച്ച് നൽകേണ്ടതാണ്. മരാമത്ത് പണികൾക്ക് അനുവദിച്ച തുകയും അതിന്റെ ചെലവ് കണക്കുകളും ലഭ്യമാക്കേണ്ടതാണ്. എല്ലാ ഡി.ഡി.ഒ മാരും ചെലവ് കണക്കുകൾ കർശനമായും നൽകേണ്ടതാണെന്നും, ഇക്കാര്യ

ത്തിൽ കൃത്യത പാലിക്കണമെന്നും ഇതിലെ പിഴവുകൾക്ക് അതാത് ഡി.ഡി.ഒ മാർ ഉത്തരവാദിക ളായിരിക്കുമെന്നും ഓർമിപ്പിക്കുന്നു.

for ചീഫ് എഞ്ചിനീയർ

പകർപ്പ് :
1) ചീഫ് എഞ്ചിനീയർ, കെ.എസ്.ആർ.ആർ.ഡി.എ
2) എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും
3) എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും, പി.ഐ.യു വിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
4) എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എഞ്ചിനീയർമാർ
5) ചീഫ് എഞ്ചിനീയറുടെ വെബ്സൈറ്റ്
6) സ്റ്റോക്ക് ഫയൽ

} തുടർ നടപടികൾക്കായി

Head of Account 2515-00-001-92 Execution

Head of Account 2515-00-001-90 Municipalities & Corporations

Head of Account 2515-00-001-91 Supervision